**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7788**
**23.07.2012-ലെ മറുപടിക്ക്**

**നെന്മാറയിൽ പുതിയ ട്രഷറി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | നെന്മാറ കേന്ദ്രീകരിച്ച് പുതിയ ട്രഷറി തുടങ്ങുന്ന പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | പാലക്കാട് ജില്ലയിൽ നെന്മാറ കേന്ദ്രമാക്കി സബ് ട്രഷറി തുടങ്ങുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| ബി) | ട്രഷറി തുടങ്ങുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടത് എന്ന് വിശദമാക്കുമോ; | ട്രഷറി തുടങ്ങുന്നതിന് പ്രധാനമായും ഏകദേശം 3000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടം ആവശ്യമാണ്. അതിൽ റിസർവ്വ് ബാങ്ക് അംഗീകരിച്ച് നൽകിയിട്ടുള്ള പ്ലാനോടു കൂടിയ സ്ട്രോംഗ് റൂം, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. |
| സി) | ഈ ട്രഷറി ആരംഭിച്ചാൽ ഏതൊക്കെ സർക്കാർ ആഫീസുകൾക്കും, എത്ര പെൻഷൻകാർക്കും ഇതിന്റെ ഗുണം ലഭിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ഉണ്ട്. 113 സർക്കാർ സ്ഥാപനങ്ങൾക്കും 650ലേറെ പെൻഷൻകാർക്കും ഇതിന്റെ ഗുണം ലഭ്യമാക്കാനാവുമെന്നാണ് ട്രഷറി ഡയറക്ടറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. |

Saijarani

സെക്ഷൻ ഓഫീസർ